**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6730</u>** **<u>11-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>സ്പോർട്സ് കൗൺസിൽ നവീകരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. പ്രേംകുമാർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ.സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ.ഷൈബൻ.ഇ.ബിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവില്ലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവില്ലുള്ള ഒഴിവിൽ നിയമനം |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ.പി.കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35ാമത് ദേശീയ ഗെയിംസിൽ വെള്ളി,/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായികതാരങ്ങളിൽ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതിരുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകുവാൻ കഴിഞ്ഞിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കായിക താരങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന, ജില്ല സ്പോർട്സ് കൗൺസിലുകൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിലെ കായിക താരങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സ്പോർട്സ് ഹോസ്റ്റൽ സബ്-കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിലും സ്പോർട്സ് ഹോസ്റ്റൽ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത കമ്മിറ്റിയിലെ അതാത് സ്പോർട്സ് അക്കാഡമികളിലെ ആൺ,പെൺ വിഭാഗത്തിലെ ഓരോ കായിക താരങ്ങൾ, ബന്ധപ്പെട്ട കായിക അസോസിയേഷന്റെ ജില്ലാ ഭാരവാഹി, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധി എന്നിവർ ഉൾപ്പെടുന്നു. ടി കമ്മിറ്റി അതാത് സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങളുമായുള്ള യോഗം എല്ലാ മാസവും കൂടുകയും, പ്രശ്നങ്ങൾ സംബന്ധിച്ച അവലോകനം നടത്തുകയും ചെയ്തുവരുന്നു. ആവശ്യമുള്ള വിഷയങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും നേരിട്ട് ഇടപെട്ട് പ്രശ്നപരിഹാരം കാണുകയും ചെയ്തുവരുന്നു. . |
| (സി) | ഒളിംപിക്സ് അടക്കമുള്ള മത്സരങ്ങളിലേയ്ക്ക് കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിന് വേണ്ടി | (സി) | പരിശോധിക്കാവുന്നതാണ് |

| | | | |
|---|---|---|---|
| | സ്പോർട്സ് കൗൺസിലുകളെ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ